ള്ളൂ. എന്നതിനാൽ ആ സ്റ്റോക്ക് വിതരണത്തിനായി എടുത്തിട്ടില്ല. മാത്രമല്ല, തിക്കൊടി എഫ്.സി.ഐ. ഡിപ്പോയിലെ തൊഴിൽസമരംമൂലവും റേഷൻ സാധനങ്ങളുടെ ലഭ്യതയ്ക്ക് കുറവ് അനുഭവപ്പെട്ടിരുന്നു. ഈ കാരണങ്ങളാൽ ചില ആഴ്ചകളിൽ അരിവിതരണത്തിന് ഭാഗികമായി തടസ്സം നേരിട്ടിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി ഗുണമേന്മയുള്ള അരി സ്റ്റോക്കുചെയ്യുവാൻ എഫ്.സി.ഐ. അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

110 (1713) സൂപ്പർ മാർക്കറ്റുകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര താലൂക്ക് കേന്ദ്രങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇനിയും പുതിയ സൂപ്പർ മാർക്കറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി, തിരുവല്ല, മൂവാറ്റുപുഴ, തൊടുപുഴ, മഞ്ചേരി എന്നീ ആറ് താലൂക്ക് കേന്ദ്രങ്ങളിൽ ഇപ്പോൾ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ ഒൻപത് സൂപ്പർ മാർക്കറ്റുകൾ ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലുമായി പ്രവർത്തിച്ചുവരുന്നു.

(ബി) നിലവിലുള്ളതും തുടങ്ങുവാൻ അനുവാദം നൽകിക്കഴിഞ്ഞതുമായ സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയതിനുശേഷം മാത്രം പുതിയവ തുടങ്ങിയാൽ മതിയെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

111 (1714) പാചകവാതകം ഉപയോഗിക്കുന്നവർക്ക് റേഷൻ മണ്ണെണ്ണ നൽകേണ്ടതില്ലെന്ന നിർദ്ദേശം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകവാതകം ഉപയോഗിക്കുന്നവർക്ക് റേഷൻ മണ്ണെണ്ണ നൽകേണ്ടതില്ലെന്ന എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly